"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ശ്രീ. സുരേശൻ.എം-ജോയിന്റ് ഡയറക്ടർ - നിരീക്ഷണകാലം പൂർത്തീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു)വകുപ്പ്**

സ.ഉ.(സാധാ) നം.1133/2025/LSGD തീയതി,തിരുവനന്തപുരം, 08-05-2025

---

പരാമർശം:- 1. സ.ഉ(സാധാ)നം.478/2023/തസ്വഭവ തീയതി 24.02.2023

2. അക്കൗണ്ടന്റ് ജനറലിന്റെ 24.03.2025 ലെ GEO7/C/MCS 67/41 നമ്പർ കത്ത്

3. പ്രിൻസിപ്പൽ ഡയറക്ടറുടെ 25.04.2025 ലെ LSGD/PD/5451/2025-DEH2 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ.സുരേശൻ.എം.-ന് -ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് പരാമർശം (1) ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിക്കുകയും ടിയാൻ 27.02.2023 പ്രാബല്യത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ടിയാന്റെ ജോയിന്റ് ഡയറക്ടർ തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് പരാമർശം (3)പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷ സമർപ്പിച്ചു.

2.ശ്രീ.സുരേശൻ.എം നിരീക്ഷണ കാലയളവിൽ അവധികളൊന്നും എടുത്തിട്ടില്ല എന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (2)പ്രകാരം അറിയിച്ചിട്ടുണ്ട്. ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമെന്നും ടിയാനെതിരെ അച്ചടക്ക നടപടികളോ അന്വേഷണമോ കേസുകളോ നിലവിലില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3.ജോയിന്റ് തസ്തികയിലെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ ഒരു വർഷത്തെ സേവന കാലയളവിൽ ആറ് മാസത്തെ ഡ്യൂട്ടിയാണ്. ശ്രീ.സുരേശൻ.എം 27.02.2023 ൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതിനാൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് 27.02.2023 മുതൽ 26.08.2023 വരെയാണ്.

4.സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ.സുരേശൻ.എം-ന്റെ ജോയിന്റ് ഡയറക്ടർ

തസ്തികയിലെ നിരീക്ഷണകാലം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ജനറൽ റൂളിലെ ചട്ടം 20 (ബി) പ്രകാരം 27.08.2023 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**LALI K**

ജോയിന്റ് സെക്രട്ടറി

പകർപ്പ് :-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.സുരേശൻ.എം, ജോയിന്റ് ഡയറക്ടർ (ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി)
പൊതുഭരണ (സർവീസസ്-എച്ച് / അക്കൗണ്ട്സ്-സി) വകുപ്പ്
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് &.ന്യൂ മീഡിയ)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 09-05-2025 10:29:25

സെക്ഷൻ ഓഫീസർ